ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.07.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. 2024-25 ലെ കേന്ദ്ര ബജറ്റ് സംബന്ധിച്ച ചർച്ചകൾക്ക് സാക്ഷ്യം വഹിച്ച് പാർലമെന്റ്; തൊഴിലില്ലായ്മ, കർഷകരുടെ പ്രശ്നങ്ങൾ തുടങ്ങിയവ ഉന്നയിച്ച് പ്രതിപക്ഷം.

   **Parliament witnesses discussions on the Union Budget 2024-25; opposition raises unemployment, farmer's issues.**

2. കേന്ദ്രബജറ്റിൽ പ്രതിപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളോട് വിവേചനമെന്ന ആരോപണവുമായി **INDI** സഖ്യം; ആരോപണം നിഷേധിച്ച് ധനമന്ത്രി നിർമ്മലാ സീതാരാമൻ.

   **The INDI alliance alleges injustice to opposition-ruled states in the central budget; Union Finance Minister Nirmala Sitharaman denies the allegation.**

3. രാജ്യത്ത് റെയിൽവേ വികസനത്തിന് സംസ്ഥാനങ്ങളുടെ സഹകരണം അനിവാര്യമെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വനി വൈഷ്ണവ്; കേരളത്തിൻ്റെ ട്രാക്ക് ശേഷി വർധിപ്പിക്കുന്നതിന് മുൻഗണന നൽകുമെന്നും കേന്ദ്രമന്ത്രി.

   **Union Minister of Railways Ashwani Vaishnav says that the cooperation of the states is essential for the development of railways across the country. The Union Minister assures that the center will prioritize increasing the track capacity in Kerala.**

4. കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശിക്കായുള്ള തിരച്ചിൽ ഊർജ്ജിതം; ഗംഗാവലി നദിയിൽ ഒരു ട്രക്ക് കണ്ടെത്തിയതായി സ്ഥിരീകരണം.

   **Karnataka, Shirur landslide: Search operations for missing Kozhikode native intensifies; Karnataka Govt confirms location of a truck in the Gangavali river.**

5. സിനിമ മേഖലയിലെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പരാമർശിക്കുന്ന ഹേമ കമ്മീഷൻ റിപ്പോർട്ട് പുറത്തു വിടുന്നത് താത്ക്കാലികമായി തടഞ്ഞ് കേരള ഹൈക്കോടതി.

**Kerala HC halts Hema Commission report on women's issues in Malayalam film industry.**

6. വനിത ഏഷ്യാ കപ്പ് ട്വൻറി- 20 ക്രിക്കറ്റിൽ ശ്രീലങ്കക്കെതിരെ ടോസ് നേടിയ തായ് ലൻഡ് ബാറ്റിംഗ് തിരഞ്ഞെടുത്തു.

**Thailand chose to bat against Sri Lanka in Women's Asia Cup T-20 Cricket.**

&&&&&&&&&&&&&&&&&&

## HEAD LINE – 1

## REV EVE. LS BUDGET DISCUSSION

2024-25 ലെ കേന്ദ്ര ബജറ്റ് സംബന്ധിച്ച ചർച്ചകൾ ഇന്ന് പാർലമെന്റിൽ നടന്നു. തൊഴിലില്ലായ്മ, കർഷകരുടെ പ്രശ്നങ്ങൾ തുടങ്ങിയവ പ്രതിപക്ഷം ഉന്നയിച്ചു. രാജ്യത്തെ തൊഴിലില്ലായ്മ നിരന്തരം വർധിച്ചു വരുന്നതായി കോൺഗ്രസ് എംപി കുമാരി സെൽജ ലോക്സഭയിൽ ആരോപിച്ചു. അഗ്നിവീർ പദ്ധതി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട ശ്രീമതി സെൽജ, ബജറ്റ് പ്രഖ്യാപനത്തിൽ കർഷകരെ കേന്ദ്ര സർക്കാർ മറന്നതായും പറഞ്ഞു. കർഷകർക്ക് നൽകുന്ന കുറഞ്ഞ താങ്ങുവിലക്ക് നിയമസാധുത നൽകണമെന്നും പ്രതിദിനം കുറഞ്ഞ കൂലി 400 രൂപയാക്കണമെന്നും അവർ ആവശ്യപ്പെട്ടു. നരേന്ദ്ര മോദി സർക്കാർ അധികാരത്തിലെത്തിയതോടെ രാജ്യത്തെ സാമ്പത്തിക മേഖല സുതാര്യമായതായി ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബിജെപി എംപി ബിപ്ലബ് കുമാർ പറഞ്ഞു. 2023-24നേക്കാൾ അടിസ്ഥാന സൗകര്യ വികസനം, തൊഴിൽ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള ബജറ്റാണ് ഈ വർഷം അവതരിപ്പിച്ചതെന്നും അദ്ദേഹം അറിയിച്ചു. കേന്ദ്ര ബജറ്റിൽ പല സംസ്ഥാനങ്ങളെയും തഴഞ്ഞതായി പ്രതിപക്ഷ അംഗങ്ങൾ ആരോപിച്ചു.

&&&&&&&&&&&&&&&&&&

## RS-BUDGET DISCUSSION

രാജ്യസഭയിലും കേന്ദ്ര ബജറ്റ്, ജമ്മു കശ്മീരിൻ്റെ ബജറ്റ് എന്നിവ സംബന്ധിച്ച ചർച്ചകൾ നടന്നു. ചർച്ചയ്ക്ക് തുടക്കമിട്ടുകൊണ്ട് കോൺഗ്രസ് എംപി, പി.ചിദംബരം തൊഴിലില്ലായ്മ, വിലക്കയറ്റം തുടങ്ങിയ വിഷയങ്ങൾ ഉന്നയിച്ചു. ധനമന്ത്രി ബജറ്റ് പ്രസംഗത്തിൽ പരാമർശിക്കുന്ന യഥാർത്ഥ കണക്കിനേക്കാൾ വളരെ കൂടുതലാണ് പണപ്പെരുപ്പമെന്ന് ശ്രീ ചിദംബരം പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലെ കേന്ദ്ര സർക്കാരിന്റെ കഴിഞ്ഞ പത്തുവർഷത്തെ നേട്ടങ്ങൾ ബിജെപി എം.പി രധൻ മോഹൻ ദാസ് അഗർവാൾ എടുത്തുപറഞ്ഞു. രാജ്യം എട്ട് ശതമാനത്തിന് മുകളിലുള്ള വളർച്ചാ നിരക്കിന് സാക്ഷ്യം വഹിക്കുകയാണെന്നും ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ രാജ്യത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. നടപടികൾ പൂർത്തിയാക്കി രാജ്യസഭാ ഇന്നത്തേക്ക് പിരിഞ്ഞു.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## PAR-OPPOSITION PROTEST

കേന്ദ്രബജറ്റിൽ പ്രതിപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളോട് വിവേചനം കാട്ടിയെന്ന് ആരോപിച്ച് INDI സഖ്യ അംഗങ്ങൾ പാർലമെൻറിന് പുറത്ത് പ്രതിഷേധിച്ചു. എല്ലാ സംസ്ഥാനങ്ങൾക്കും തുല്യ പരിഗണന നൽകണമെന്ന് അംഗങ്ങൾ ആവശ്യപ്പെട്ടു. തുക അനുവദിച്ചതിലെ വിവേചനത്തിനെതിരെ പ്രതിഷേധം തുടരുമെന്ന് രാജ്യസഭ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖർഗെ മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം, പ്രതിപക്ഷത്തിന്റെ ആരോപണം ധനമന്ത്രി നിർമ്മലാ സീതാരാമൻ നിഷേധിച്ചു. തെറ്റിദ്ധാരണ പരത്താനാണ് പ്രതിപക്ഷം ശ്രമിക്കുന്നതെന്ന് ധനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## MEGHWAL - UNION BUDGET

2024-25 ലെ കേന്ദ്ര ബജറ്റ് വികസിത ഇന്ത്യക്ക് വഴിയൊരുക്കുമെന്നും സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും പ്രയോജനം ചെയ്യുമെന്നും കേന്ദ്ര നിയമ-നീതി വകുപ്പ് മന്ത്രി അർജുൻ റാം മേഘ്‌വാൾ. ന്യൂഡൽഹിയിൽ ഒരു വെബിനാറിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വികസിത് ഭാരത് 2047 നായുള്ള കാഴ്ചപ്പാടുകളാണ് ഈ ബജറ്റിലുള്ളതെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി. നീതി നിർവഹണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ, ബജറ്റ് വിഹിതം തുടങ്ങിയവ സംബന്ധിച്ച വിശദമായ ചർച്ചകൾ വെബിനാറിന്റെ ഭാഗമായി നടന്നു.

&&&&&&&&&&&&&&&&&&

## SABARI RAIL - ASHWINI VAISHNAV

ശബരി റെയിൽ പദ്ധതി മുന്നോട്ട് കൊണ്ടു പോകാൻ കേരള സർക്കാരിന്റെ സഹകരണം ആവശ്യമാണെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. പദ്ധതിയുടെ സാധ്യതാ പഠനം നടന്നുവരുന്നതായും ശേഷം ഇക്കാര്യത്തിൽ തീരുമാനം എടുക്കേണ്ടത് സംസ്ഥാന സർക്കാരാണെന്നും അടൂർ പ്രകാശ് എംപിയുടെ ചോദ്യത്തിന് മറുപടിയായി അദ്ദേഹം ലോക്സഭയിൽ പറഞ്ഞു. 459 ഹെക്ടർ ഭൂമി ആവശ്യമായിടത്ത് സംസ്ഥാന സർക്കാരിന് 62 ഹെക്ടർ സ്ഥലം മാത്രമാണ് ഏറ്റെടുക്കാൻ സാധിച്ചതെന്നും അദ്ദേഹം വ്യക്തമാക്കി. യുപിഎ ഭരണകാലത്തിനെ അപേക്ഷിച്ച് കേരളത്തിലെ റെയിൽ പദ്ധതികൾക്കായി നരേന്ദ്ര മോദി സർക്കാർ കൂടുതൽ തുക അനുവദിച്ചതായും കേന്ദ്രമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## LS - RAILWAY (INTRO)

രാജ്യത്ത് 2014 മുതൽ ഇന്ത്യൻ റെയിൽവേയിൽ അഞ്ച് ലക്ഷത്തോളം നിയമനങ്ങൾ നടത്തിയതായി കേന്ദ്രസർക്കാർ. ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ കേന്ദ്ര റെയിൽ മന്ത്രി അശ്വിനി വൈഷ്ണവാണ് ഇക്കാര്യം വ്യക്തമാക്കിയത്. ദക്ഷിണ

മധ്യ റെയിൽവെയിലെ 1,465 കിലോമീറ്റർ പാതയിൽ ട്രെയിനുകളുടെ കൂട്ടിയിടി തടയുന്ന കവച് സംവിധാനം സ്ഥാപിച്ചതായും അദ്ദേഹം അറിയിച്ചു.
വിശദാംശങ്ങളിലേക്ക്...... (വോയ്സ്)

## LS - RAILWAY (VOICE)

റെയിൽവേയിൽ, അസിസ്റ്റൻറ് ലോകോ പൈലറ്റ്, സാങ്കേതിക വിദഗ്ധർ, സബ് ഇൻസ്പെക്ടർമാർ, റെയിൽവേ സുരക്ഷാ സേനയിലെ കോൺസ്റ്റബിൾമാർ എന്നീ തസ്തികകളിലേക്ക് 32,000 വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചതായി കേന്ദ്ര മന്ത്രി വ്യക്തമാക്കി. ഗ്രൂപ്പ് സി- യിലെ നിയമനങ്ങൾ സംബന്ധിച്ച് റെയിൽവേ മന്ത്രാലയം ഈ വർഷം മുതൽ വാർഷിക കലണ്ടർ പുറത്തിറക്കുമെന്നും ശ്രീ വൈഷ്ണവ് അറിയിച്ചു. ലോക്കോ പൈലറ്റുമാരുടെ ജോലിഭാരം കുറയ്ക്കുന്നതിനും ട്രയിനുകളുടെ സുരക്ഷ ഉറപ്പാക്കാനുമായി നിരവധി നടപടികൾ സ്വീകരിച്ചു. 7,000ത്തിലേറെ ലോക്കോകളിൽ എ.സി. സൗകര്യമുണ്ടെന്നും സിഗ്നലുകൾ കണ്ടെത്തുന്നതിനും പ്രധാന അടയാളങ്ങൾ വ്യക്തമാകുന്നതിനും ജിപിഎസ് അധിഷ്ഠിത സംവിധാനം നിലവിലുണ്ട്. കഴിഞ്ഞ 10 വർഷത്തിൽ രാജ്യത്ത് ട്രെയിൻ അപകടങ്ങൾ കുറഞ്ഞതായും കേന്ദ്രമന്ത്രി വ്യക്തമാക്കി. സുരക്ഷ വർധിപ്പിക്കുന്നതിനായി കേന്ദ്രസർക്കാർ നൽകുന്ന ഫണ്ടിലും 2.52 ഇരട്ടി വർധന ഉണ്ടായിട്ടുണ്ട്. ഡൽഹി - മുംബൈ, ഡൽഹി - ഹൗറ, ഇടനാഴികളിൽ 3000 കിലോമീറ്ററിൽ കവച് സംവിധാനം സ്ഥാപിക്കുന്ന ജോലി പുരോഗമിക്കുകയാണെന്നും കേന്ദ്ര മന്ത്രി ലോക്സഭയെ അറിയിച്ചു.
**ന്യൂസ്ഡെസ്ക് ആകാശവാണി........**

&&&&&&&&&&&&&&&&&&

## RS- NEET (UG)

നീറ്റ് - യു.ജി പരീക്ഷ റദ്ദാക്കി പകരം സംസ്ഥാനതല മെഡിക്കൽ പ്രവേശന പരീക്ഷ പുനഃസ്ഥാപിക്കാൻ നിലവിൽ നിർദേശമില്ലെന്ന് കേന്ദ്ര സർക്കാർ. കേന്ദ്ര വിദ്യാഭ്യാസ സഹമന്ത്രി സുകാന്ത മജുൻദാർ രാജ്യസഭയിൽ രേഖാമൂലം നൽകിയ മറുപടിയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. കഴിഞ്ഞ ജൂണിൽ

നടന്ന യുജിസി (നെറ്റ്) പരീക്ഷ റദ്ദാക്കിയതായും ഓഗസ്റ്റ് 21 നും സെപ്റ്റംബർ 4 നും ഇടയിൽ കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷ നടത്തുമെന്നും കേന്ദ്രമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&&

**BIHAR - PAPER LEAK BILL**

പരീക്ഷകളിലെ ക്രമക്കേടുകളും ചോദ്യ പേപ്പർ ചോർച്ചയും തടയുന്നതിനുള്ള ബിൽ ബിഹാർ നിയമസഭ ഇന്ന് പാസാക്കി. ഗുരുതര കേസുകളിൽ മൂന്നു വർഷം മുതൽ 10 വർഷം വരെ തടവും ഒരു കോടി രൂപ വരെ പിഴയും ബില്ലിൽ നിർദ്ദേശിക്കുന്നുണ്ട്. മന്ത്രി വിജയ് കുമാർ ചൗധരിയാണ് ബിൽ അവതരിപ്പിച്ചത്. പരീക്ഷാ നടത്തിപ്പിന്റെ ചുമതലയുള്ള പൊതുസ്ഥാപനങ്ങളുടെ വിശ്വാസ്യത വർധിപ്പിക്കുകയാണ് ബില്ലിലൂടെ ലക്ഷ്യമിടുന്നതെന്ന് മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&

**ASHWINI VAISHNAV**

രാജ്യത്ത് റെയിൽവേ വികസനം പൂർണമാകണമെങ്കിൽ സംസ്ഥാനങ്ങളുടെ സഹകരണം അനിവാര്യമെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വനി വൈഷ്ണവ്. കേരളത്തിന് ഈ വർഷം 3011 കോടി രൂപയുടെ റെയിൽ വകയിരുത്തലുണ്ടായിട്ടുണ്ട്. 35 സ്റ്റേഷനുകൾ അമൃത് സ്റ്റേഷനുകളായി പുനർ വികസിപ്പിക്കും. പാലക്കാട് ഡിവിഷൻ വിഭജനം സംബന്ധിച്ച അഭ്യൂഹങ്ങൾ തള്ളിയ അദ്ദേഹം വിഴിഞ്ഞം- നേമം ലൈൻ ചർച്ചയിലാണെന്ന് അറിയിച്ചു. നേമത്ത് പുതിയ കോച്ചിങ് ഡിപ്പോ വരും. 2,500 അധിക ജനറൽ കമ്പാർട്ട്മെൻ്റുകൾ ഈ വർഷം പുറത്തിറങ്ങുമെന്നും കേരളത്തിൻ്റെ ട്രാക്ക് ശേഷി വർധിപ്പിക്കുകയാണ് മുൻഗണനയെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി. തിരുവനന്തപുരം ഡിവിഷനിൽ 110 km സ്പീഡ് കൈവരിച്ചതായും സമയനിഷ്ഠയിൽ ദക്ഷിണ റെയിൽവെ മുന്നിലാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&

**HEAD LINE – 4**

**KARNATAKA**

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുന് വേണ്ടി തിരച്ചിൽ ഊർജ്ജിതം.

ഗംഗാവലി നദിയിൽ ഒരു ട്രക്ക് കണ്ടെത്തിയതായി കർണാടക റെവന്യൂ മന്ത്രി സ്ഥിരീകരിച്ചു. നാവികസേനയുടെ മുങ്ങൽ വിദഗ്ദ്ധർ പരിശോധന നടത്തുമെന്ന് മന്ത്രി അറിയിച്ചെങ്കിലും കാലാവസ്ഥ പ്രതികൂലമായത് വെല്ലുവിളിയായി. ട്രക്ക് പുറത്തെടുക്കാൻ ജില്ലാ ഭരണകൂടം കൂടുതൽ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## HEMA COMMISSION REPORT

സിനിമ മേഖലയിലെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പരാമർശിക്കുന്ന ഹേമ കമ്മീഷൻ റിപ്പോർട്ട് പുറത്തു വിടുന്നത് തടഞ്ഞ് കേരള ഹൈക്കോടതി. ചലച്ചിത്ര നിർമ്മാതാവ് സജിമോൻ പാറയിൽ സമർപ്പിച്ച ഹർജിയിലാണ് ഇടക്കാല ഉത്തരവ്. സംസ്ഥാന സർക്കാർ ഇന്ന് റിപ്പോർട്ട് പുറത്തു വിടാനിരിക്കെയാണ് ഒരാഴ്ചത്തേക്ക് സ്റ്റേ നൽകിയത്. റിപ്പോർട്ട് പരസ്യമാക്കുന്നത് കമ്മീഷനിൽ മൊഴി നൽകിയ വ്യക്തികളുടെ സ്വകാര്യതയെ ബാധിക്കുമെന്ന് ഹർജിക്കാരൻ വാദിച്ചു. 2017-ലാണ് സംസ്ഥാന സർക്കാർ ജസ്റ്റിസ് കെ. ഹേമ അധ്യക്ഷയായ കമ്മിറ്റിയെ നിയോഗിച്ചത്.

&&&&&&&&&&&&&&&&&&

## NIPAH - KERALAM

കേരളത്തിൽ നിപ വൈറസ് ബാധിച്ച് വിദ്യാർഥി മരിച്ച സാഹചര്യത്തിൽ കേന്ദ്രസംഘം മലപ്പുറം ജില്ലയിലെത്തി. ജില്ലയിൽ പ്രത്യേകം സജ്ജമാക്കിയ നിപ കൺട്രോൾ റൂം സംഘം സന്ദർശിച്ചു. നിപ ബാധിച്ച് മരിച്ച വിദ്യാർഥിയുടെ വീട്ടിലും സംഘമെത്തി. വൈകിട്ട് കളക്ടറേറ്റിൽ നടന്ന നിപ്പ അവലോകനയോഗത്തിലും കേന്ദ്രസംഘം പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## HEAD LINE – 6

## ASIA CUP

ശ്രീലങ്കയിൽ നടക്കുന്ന വനിത ഏഷ്യാ കപ്പ് ട്വൻറി- 20 ക്രിക്കറ്റിൽ ശ്രീലങ്ക - തായ്‌ലൻഡ് മത്സരം പുരോഗമിക്കുന്നു. ടോസ് നേടിയ തായ് ലൻഡ് ബാറ്റിംഗ് തിരഞ്ഞെടുത്തു. ഇന്ന് ഉച്ചയ്ക്ക് നടന്ന

മത്സരത്തിൽ മലേഷ്യയ്ക്കെതിരെ ബംഗ്ലാദേശ് 114 റൺസിന് വിജയിച്ചു.

&&&&&&&&&&&&&&&&&&

## NEPAL AIRCRAFT CRASH

നേപ്പാൾ തലസ്ഥാനമായ കാഠ്മണ്ഡുവിൽ വിമാനം തകർന്ന് 18 പേർ മരിച്ചു. ത്രിഭുവൻ അന്താരാഷ്ട്ര വിമാനത്താവളത്തിലാണ് സംഭവം. 19 സാങ്കേതിക വിദഗ്ധരുമായി പൊഖാറയിലേക്ക് പോവുകയായിരുന്ന ശൗര്യ എയർലൈൻസിൻ്റെ വിമാനമാണ് പറന്നുയരുന്നതിനിടെ തകർന്ന് വീണത്. ജീവനക്കാരിൽ ഒരാളെ രക്ഷപ്പെടുത്തി.

&&&&&&&&&&&&&&&&&&

## SC - RULES

കോടതിയുടെ പ്രവർത്തന സമയവുമായി ബന്ധപ്പെട്ട ചട്ടങ്ങളിൽ സുപ്രിംകോടതി ഭേദഗതി വരുത്തി. രാവിലെ 10 മുതൽ വൈകുന്നേരം 5 മണി വരെ ആയിരിക്കും പുതിയ പ്രവൃത്തി സമയം. അവധി ദിവസങ്ങളിലും മാസത്തിലെ രണ്ടാമത്തെയും നാലാമത്തെയും ശനിയാഴ്ചകളിലും കോടതിയുടെ ഓഫീസ് പ്രവർത്തിക്കില്ലെന്ന് സുപ്രിംകോടതി വിജ്ഞാപനത്തിൽ വ്യക്തമാക്കി. ആഗസ്റ്റ് ഒന്നു മുതൽ പുതിയ ചട്ടങ്ങൾ നിലവിൽ വരും.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&